# വിശ്വാസപരിശീലനം സീറോമലബാർ സഭയിൽ

സഭ അതിന്റെ സ്വഭാവത്താൽ തന്നെ പ്രേഷിതയാണ്. സഭയുടെ ഈ പ്രേഷിത ദൗത്യം നിർവ്വഹിക്കപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനതലമാണു വിശ്വാസപരിശീലനരംഗം. മാമ്മോദീസ സ്വീകരിച്ചു സഭയിലെ അംഗങ്ങളായിത്തീർന്നവരെ ക്രിസ്തീയ വിശ്വാസത്തിന്റെ പക്വതയിലേയ്ക്കും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേയ്ക്കും ആനയിച്ചുകൊണ്ടു ക്രിസ്തുവിൽ വളരുവാൻ സഹായിക്കുക എന്നതാണല്ലോ വിശ്വാസ പരിശീലനത്തിന്റെ അടി സ്ഥാനലക്ഷ്യം. 'മതബോധനം ഇന്ന്' എന്ന ശ്ലൈഹിക പ്രബോധനത്തിൽ ജോൺപോൾ രണ്ടാ മൻ മാർപാപ്പാ പറയുന്നു, 'യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന വിശ്വാസത്തിലേയ്ക്ക് സഭാ സന്താനങ്ങളെ നയിക്കുക, അതിൽ അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക, അങ്ങനെ ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയെ പടുത്തുയർത്തുക. ഇതാണ് വിശ്വാസപരിശീലനമെന്നതുകൊണ്ടു ഉദ്ദേശിക്കുന്നത്' (മതബോധനം ഇന്ന് 1).

വിശ്വാസപരിശീലനത്തിന്റെ ആത്യന്തികലക്ഷ്യം വിശ്വാസവളർച്ചയാണ്. മാമ്മോദീസായി ലൂടെ ദാനമായിലഭിക്കുന്ന വിശ്വാസത്തെ പടിപടിയായി വളർത്തേണ്ടതുണ്ട്. ഈ വളർച്ച സാധി ക്കണമെങ്കിൽ നിരന്തരമായ പരിപോഷണവും പരിപാലനയും ആവശ്യമാണ്. ഇതാണ് വിശ്വാസ പരിശീലന പ്രക്രിയ വഴി സാധിതമാകേണ്ടത്. "എന്റെ കുഞ്ഞുമക്കളേ ക്രിസ്തു നിങ്ങളിൽ രൂപ പ്പെടുവോളം ഞാൻ ഈറ്റുനോവനുഭവിക്കുന്നു" (ഗലാ 4:19) എന്നു പറഞ്ഞ വി. പൗലോസിനെ പ്പോലെ മറ്റുള്ളവരിൽ ക്രിസ്തുവിനെ രൂപപ്പെടുത്തുക എന്ന ദൗത്യമാണു വിശ്വാസപരിശീല കനു സഭയിൽ നിർവ്വഹിക്കാനുള്ളത്. ഇതിലൂടെ എല്ലാ ക്രൈസ്തവരും അവരവരുടെ ജീവിത സാഹചര്യങ്ങളിൽ ഈശോയെപ്പോലെ ചിന്തിക്കുവാനും തീരുമാനങ്ങളെടുക്കുവാനും പരിശീ ലനം നേടുന്നു. ഇത് ക്രൈസ്തവ ജീവിതത്തെ സുവിശേഷമൂല്യങ്ങൾക്കനുസൃതവും ചൈതന്യഭരിതവും കർമ്മോത്സുകവുമാക്കുന്നു.

## വിശ്വാസപരിശീലനത്തിന്റെ ചരിത്രം

സഭ അവളുടെ ആരംഭം മുതൽ തന്നെ വിശ്വാസപരിശീലനത്തിനു വേണ്ടത്ര പ്രാധാന്യം നല്കിയിരുന്നു. ശ്ലീഹൻമാർ നല്കിയ മതബോധനപരമായ പ്രസംഗങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നടപടിപ്പുസ്തകത്തിലും അവരുടെ ലേഖനങ്ങളിലും നമുക്കു

കാണാവുന്നതാണ്. അപ്പസ്തോലപിൻഗാമികളായ പിതാക്കൻമാർ പലരും മതബോധനപരമായ കൃതികൾ രചിക്കുകയും പ്രബോധനങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. വിശ്വാസരഹസ്യങ്ങളെ അടിസ്ഥാനമാക്കി സഭാപിതാക്കൻമാർ നടത്തിയിരുന്ന മതാധ്യാപനപ്രസംഗങ്ങൾ ആരാധനാക്രമശുശ്രൂഷകളുടെ അവസരത്തിലാണ് നല്കിയിരുന്നത്. സഭാപിതാക്കൻമാരുടെ കാലശേഷവും വിശ്വാസ ധാർമ്മിക ജീവിതത്തെക്കുറിച്ചുള്ള പ്രബോധനങ്ങൾ ആരാധനാക്രമശുശ്രൂഷകളുടെമദ്ധ്യേ നല്കിപ്പോന്നു. മദ്ധ്യശതകങ്ങൾക്കുശേഷം ചോദ്യോത്തരരീതിയിലുള്ള മതബോധനം നിലവിൽവന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി വിശ്വാസപരിശീലനരംഗത്തു നൂതനചിന്തധാരകളും അഭിമുഖ്യങ്ങളും ഉയർന്നുവന്നു. മതബോധനം വിശ്വാസജീവിതത്തിനുള്ള പരിശീലനമായിരിക്കണം, ആരാധനാക്രമത്തിലുള്ള പങ്കുചേരലിനും കൂദാശകളുടെ സ്വീകരണത്തിനും അതിനു വഴിതെളിക്കണം, ക്രിസ്തുരഹസ്യത്തിലേക്കും സഭാകൂട്ടായ്മയിലേക്കും അതു വിശ്വാസികളെ പ്രവേശിപ്പിക്കണം, ആധുനിക സഹചര്യങ്ങളിൽ സഭാ പ്രബോധനങ്ങൾക്കനുസരിച്ചു ജീവിക്കാൻ പരിശീലനം നല്കണം തുടങ്ങിയവയെല്ലാമായിരുന്നു വിശ്വാസപരിശീലനത്തെക്കുറിച്ചുള്ള നൂതനചിന്തകളിൽ പ്രധാനപ്പെട്ടവ.

ക്രിസ്തുശിഷ്യനായിരുന്ന തോമാശ്ലീഹായിൽ നിന്നുതന്നെ വിശ്വാസം ഏറ്റുവാങ്ങാൻ ഭാഗ്യംലഭിച്ച മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ വിശ്വാസപരിശീലനം എപ്രകാരമായിരിന്നു നിർവ്വഹിക്കപ്പെട്ടിരുന്നത് എന്നതിനെക്കുറിച്ചുള്ള ക്രിത്യമായ ചരിത്രരേഖകളുടെ അഭാവമുണ്ടെങ്കിലും ബഹുഭൂരിപക്ഷം വരുന്ന അക്രൈസ്തവസഹോദരങ്ങളുടെയിടയിൽ ശ്ലീഹായിൽ നിന്നു ലഭിച്ച വിശ്വാസദീപം അണയാതെ കാത്തുസൂക്ഷിക്കാൻ ചെറുസമൂഹം മാത്രമായിരുന്ന മാർത്തോമാക്രിസ്ത്യാനികൾക്കായെങ്കിൽ വിശ്വാസത്തിന്റെ ശരിയായ വ്യാഖ്യാനവും പരിശീലനവും അവർക്കു ലഭിച്ചിരുന്നിരിക്കണം. ഇതു പ്രധാനമായും കുടുംബകേന്ദ്രീകൃതമായി നല്കപ്പെട്ടിരുന്ന വിശ്വാസകൈമാറ്റത്തിലുടെയും ദൈവാരാധനമദ്ധ്യേ നല്കപ്പെട്ടിരുന്ന പ്രബോധനങ്ങളിലൂടെയും ആകാനാണു സാദ്ധ്യത.

സാർവ്വത്രീകസഭയിൽ പത്തൊൻപതാംനൂറ്റാണ്ടിൽ വിശ്വാസപരിശീലന രംഗത്തുണ്ടായ പുതുചലനങ്ങൾ കേരളസഭയിലും ദൃശ്യമായിരുന്നു. 1950 കളുടെ ആദ്യപകുതിയിൽ കേരളത്തിലെ വിശ്വാസ പരിശീലനരംഗത്ത് *കത്തോലിക്കാമതപഠനം*, *മതതത്വബോധിനി* എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകൃതമായി. രണ്ടാം വത്തിക്കാൻസൂനഹദോസിനുശേഷം കേരളസഭയിലെ വിശ്വാസപരിശീലനത്തിന്റെ ചുമതല കെ.സി.ബി.സി മതബോധന കമ്മീഷൻ എറ്റെടുത്തതുമുതൽ ക്രമീകൃതമായ വിശ്വാസപരിശീലനരീതികൾ കേരളസഭയിലും

നിലവിൽവന്നു. ഈ കമ്മിഷന്റെ ആഭിമുഖ്യത്തിൽ പി.ഒ.സിയിൽ നിന്നു വിശ്വാസപരിശീലനത്തിനുള്ള പാഠപുസ്തകങ്ങളും പ്രസിദ്ധീകരിക്കാൻ തുടങ്ങി.

1991 ൽ പൗരസ്ത്യസഭകൾക്കായുള്ള കാനൻനിയമം നിലവിൽവരികയും 1992 ൽ സീറോമലബാർ സഭ സ്വയംഭരണാധികാരമുള്ള മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെടുകയും ചെയ്തു. വിശ്വാസപരിശീലനം ഓരോ സ്വയംഭരണാധികാരസഭയുടെയും സ്വഭാവത്തിനും പാരമ്പര്യത്തിനും ചേർന്ന തരത്തിലാകേണ്ടതിനാൽ ഓരോ സഭയുടെയും ദൈവശാസ്ത്രം, ആരാധനാക്രമം, ശിക്ഷണക്രമം, ആദ്ധ്യാത്മികത മുതലായവയ്ക്ക് ഊന്നൽ നല്കിക്കൊണ്ടാകണം എന്നു പൗരസ്ത്യ സഭകളുടെ കാനൻനിയമം നിഷ്കർഷിക്കുന്നു (CCEO.621/3). പൗരസ്ത്യഭകളുടെ കാനൻനിയമ സംഹിതകളുടെയും വിശ്വാസപരിശീലനം സംബന്ധിച്ചുള്ള സാർവ്വത്രീകസഭയുടെ പ്രബോധനങ്ങളുടെയും അടിസ്ഥാനത്തിൽ വിശ്വാസപരിശീലനം നല്കുന്നതിനുള്ള ഉത്തരവാദിത്വം ഓരോ സ്വയംഭരണാധികാരസഭയിലും പ്രത്യേകിച്ച് അവയുടെ മെത്രാൻമാരിലും നിക്ഷിപ്തമായി. ഈ സാഹചര്യത്തിൽ 1999 ജനുവരിയിൽ നടന്ന കെ.സി.ബി.സി സമ്മേളനം കെ.സിബി.സി മതബോധന കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചു ഒരോറീത്തിനും എപ്പിസ്കോപ്പൽ കാറ്റെക്കെറ്റിക്കൽ കമ്മീഷൻ സ്ഥാപിക്കാൻ തീരുനമനിച്ചു.

## സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കമ്മിഷൻ ഫോർ കാറ്റക്കേസിസ്

1999 നവംബറിൽ നടന്ന സീറോമലബാർ സഭയുടെ ബിഷപ്സ് സിനഡ് മാർ ജോർജ് ആലഞ്ചേരി ചെയർമാനായും മാർ ജേക്കബ് മനത്തോടത്ത് മാർ സൈമൺ സ്റ്റോക്ക് പാലാത്ര എന്നിവർ അംഗങ്ങളായും വിശ്വാസപരിശീലനത്തിനു വേണ്ടിയുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കമ്മീഷൻ ഫോർ കാറ്റക്കേസിസ് എന്നപേരിൽ സിനഡൽ കമ്മീഷൻ രൂപീകരിച്ചു. സീറോമലബാർസഭയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്നതു ഈ സിനഡൽ കമ്മീഷനാണ്. മാർ ജേക്കബ് മനത്തോടത്ത് ചെയർമാനായും മാർ ലോറൻസ് മുക്കുഴി, മാർ ജോസഫ് പണ്ടാരശ്ശേരിൽ എന്നിവർ അംഗങ്ങളായും ഫാ. ജോർജ് ദാനവേലിൽ സെക്രട്ടറിയായും വിശ്വാസപരിശീലനത്തിനു വേണ്ടിയുള്ള സിനഡൽ കമ്മീഷൻ ഇപ്പോൾ പ്രവർത്തിക്കുന്നു.

സിനഡൽ കമ്മിഷന്റെ നേതൃത്വത്തിൽ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നേതൃത്വം നല്കുന്നതിനുമായി കാറ്റക്കെറ്റിക്കൽ സെന്റർ സഭാആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്നു. രൂപതാ വിശ്വാസപരിശീലന

ഡയറക്ടർമാരും രൂപതാ പ്രതിനിധികളും വിശ്വാസപരിശീലന വിദഗ്ദ്ധരുമുൾക്കൊള്ളുന്ന സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മിറ്റി (എസ്.എം.സി.സി.) സിനഡൽ കമ്മീഷന്റെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നു.

രൂപതാതലങ്ങളിലുള്ള വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുക രൂപതാദ്ധ്യക്ഷനാൽ നിയമിക്കപ്പെടുന്ന രൂപതാഡയറക്ടറാണ്. രൂപതാഡയറക്ടറെ പ്രവർത്തനങ്ങളിൽ സഹായിക്കാനായി രൂപതാതല വിശ്വാസപരിശീലന കൗൺസിലുകൾ രൂപികരിച്ചിട്ടുണ്ട്. രൂപതാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി രൂപതാകേന്ദ്രങ്ങളിൽ രൂപതാ വിശ്വാസപരിശീലന കേന്ദ്രങ്ങളുണ്ട്. ഫൊറോനാതലങ്ങളിലെ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുക ഫൊറോനഡയറക്ടറും സെക്രട്ടറിയും പ്രമോട്ടർമാരും അടങ്ങുന്ന സമിതിയാണ്. ഇടവകതലങ്ങളിലെ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുക ഇടവക വികാരിയാണ്. ഇടവക വികാരിയും അദ്ദേഹം നിയമിക്കുന്ന പ്രധാന അദ്ധ്യാപകനും മറ്റ് അദ്ധ്യാപകരും ചേർന്നു രൂപതാ കേന്ദ്രങ്ങളിൽ നിന്നു ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ഇടവകതല വിശ്വാസ പരിശീലനപ്രവർത്തനങ്ങൾ നടത്തുന്നു. ഇങ്ങനെ വിശ്വാസ പരിശീലനത്തിനായുള്ള സിനഡൽ കമ്മീഷനു കീഴിൽ രൂപതാ, ഫൊറോന, ഇടവക തലങ്ങളിലായി സഭയുടെ വിശ്വാസപരിശീലന പരിശീലന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിച്ചു പോരുന്നു.

## സീറോമലബാർ കാറ്റക്കെറ്റിക്കൽ ഡയറക്ടറി

സാർവ്വത്രികസഭയുടെ മതബോധന പ്രമാണരേഖകളുടെയും പൗരസ്ത്യ സഭകളുടെ കാനൻനിയമങ്ങളുടെയും സീറോമലബാർസഭയുടെ വിശ്വാസ പൈതൃകത്തിന്റെയും അടിസ്ഥാനത്തിലും സീറോമലബാർ സഭാഗങ്ങൾ ജീവിക്കുന്ന ജീവിതസാഹചര്യങ്ങൾ പരിഗണിച്ചും തയ്യാറാക്കിയതാണ് *വിളിയും പ്രത്യുത്തരവും* എന്ന സീറോമലബാർ കാറ്റക്കെറ്റിക്കൽ ഡയറക്ടറി. 2003 ഏപ്രിൽ 14–ാം തീയതി പ്രസിദ്ധീകരിച്ച ഈ കാറ്റക്കെറ്റിക്കൽ ഡയറക്ടറി, സീറോമലബാർ സഭയുടെ വിശ്വാസപരിശീലനത്തിന്റെ ചരിത്രം, വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യങ്ങൾ, മാർഗ്ഗങ്ങൾ, ഉറവിടങ്ങൾ, വിവിധ തലങ്ങളിലുള്ള വിശ്വാസപരിശീലനം, വിശ്വാസപരിശീലകർ, വിശ്വാസപരിശീലനത്തിന്റെ പ്രേഷിതമാനം, വിവിധസമ്പ്രദായങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ഒൻപത് അദ്ധ്യായങ്ങളിലായി വിവരിക്കുന്നു. സഭയുടെ വിശ്വാസപരിശീലനം എപ്രകാരമായിരിക്കണമെന്ന മാർഗ്ഗനിർദ്ദേശം ഈ ഡയറക്ടറി വ്യക്തമാക്കുന്നു. പ്രധാനമായും മൂന്നു തലങ്ങളിലുടെയുള്ള വിശ്വാസപരിശീലനമാണ് ഡയറക്ടറി നിർദ്ദേശിക്കുക: ആഘോഷങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം (Catechesis through

celebration) പ്രബോധനങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം(Catechesis though instruction) പ്രായോഗിക പരിശീലനങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം (Catechesis though apprenticeship).

### *രക്ഷയുടെ പാതയിൽ*

കുട്ടികളിൽ ഈശോയെ രൂപപ്പെടുത്തുവാൻ സഹായിക്കുക എന്ന അടിസ്ഥാനലക്ഷ്യം മുൻനിർത്തി സൺഡേസ്കൂളുകളിലെ ഒന്നു മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി തയ്യാറാക്കിയ രക്ഷയുടെ പാതയിൽ എന്ന വിശ്വാസപരിശീലന പാഠാവലി നാലുഘട്ടങ്ങളായി തിരിച്ചിരിക്കുന്നു ഈ പാഠംവലിയിലെ ഒന്നാംഘട്ടത്തിലെ (ക്ലാസ്സ് 1–4) പാഠങ്ങൾ പരിശുദ്ധ ത്രിത്വകേന്ദ്രീകൃതവും രണ്ടാംഘട്ടത്തിലെ (ക്ലാസ്സ് 5–7) പാഠങ്ങൾ മിശിഹാകേന്ദ്രീകൃതവും മൂന്നാം ഘട്ടത്തിലെ (ക്ലാസ്സ് 8–10) പാഠങ്ങൾ സഭാകേന്ദ്രീകൃതവും നാലാംഘട്ടത്തിലെ (ക്ലാസ്സ് 11–12) പാഠങ്ങൾ ക്രൈസ്തവ ജീവിതകേന്ദ്രീകൃതവുമാണ്. 2004–2005 ൽ 1,2,3 ക്ലാസ്സുകളിലെ പുസ്തകങ്ങളും 2005–2006 ൽ 4,5,6 ക്ലാസ്സുകളിലെ പുസ്തകങ്ങളും 2006–2007 ൽ 7,8,9 ക്ലാസ്സുകളിലെ പുസ്തകങ്ങളും 2007 ൽ 10–ാം ക്ലാസ്സിലെ പുസ്തകങ്ങളും 2008 ൽ 11–ാം ക്ലാസ്സിലെ പുസ്തകവും 2009 ൽ 12–ാം ക്ലാസ്സിലെ പുസ്തകങ്ങളും സിനഡൽ കമ്മീഷൻ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതോടൊപ്പം ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലേക്കുള്ള ഇംഗ്ലീഷ് പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നു. ഇവയുടെ ഹിന്ദി, കന്നട, തമിഴ്, മറാത്തി പരിഭാഷകളും അതതു പ്രദേശത്തെ അഭിവദ്യപിതാക്കൻമാരുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചുവരുന്നു. ഇങ്ങനെ സീറോമലബാർസഭയുടെ മുപ്പത്തൊന്നു രൂപതകളിലും സഭാംഗങ്ങൾ അധിവസിക്കുന്ന പ്രവാസിസമൂഹങ്ങളിലും വിശ്വാസപരിശീലനത്തിന് ഒരേ പുസ്തകം ഉപയോഗിക്കുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

### സീറോമലബാർ കാറ്റക്കെറ്റിക്കൽ സെന്റർ

വിശ്വാസപരിശീലനത്തിനായുള്ള സിനഡൽ കമ്മീഷൻ രൂപീകൃതമായതുമുതൽ സഭാതലത്തിലുള്ള വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വവും ഏകോപനവും നല്കുന്നതിനുവേണ്ടി സീറോമലബാർ കാറ്റക്കെറ്റിക്കൽ സെന്റർ എന്ന പേരിൽ ഒരു കാര്യാലയം സഭയുടെ കേന്ദ്രകാര്യാലയത്തോടു ചേർന്നു കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്നു. സൺഡെസ്കൂളുകളിൽ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിൽ ഉപയോഗിക്കുന്ന മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള പുസ്തകങ്ങൾ, അദ്ധ്യപകസഹായി ഇവയെല്ലാം തയ്യാറാക്കി വിതരണം ചെയ്യുന്നത് ഇവിടെനിന്നാണ്. രൂപതാ ഡയറക്ടേഴ്സിനു പരിശീലനപരിപാടികൾ സംഘടിപ്പിക്കൽ, രൂപതാതലങ്ങളിൽ

അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നല്കാനുതകുന്ന റിസോഴ്സ് ടീമിന്റെ പരിശീലനം, സപ്ലിമെന്ററി പുസ്തകങ്ങളുടെ തയ്യാറാക്കൽ, സഭതലത്തിൽ സ്കോളർഷിപ്പ് പരീക്ഷകൾ നടത്തൽ, രൂപതാതലത്തിൽ മികവുതെളിയിക്കുന്ന പന്ത്രണ്ടാംക്ലാസ്സിലും ഏഴാംക്ലാസ്സിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ സംഗമം ഇവയെല്ലാം കാറ്റക്കെറ്റിക്കൽ സെന്റർ നല്കുന്ന സേവനങ്ങളിൽ ചിലതുമാത്രമാണ്. ആവശ്യമായസ്ഥലങ്ങളിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നല്കാനുതകുന്ന റിസോഴ്സ് ടീമിന്റെ സേവനവും ഈ സെന്ററിൽനിന്നു ലഭ്യമാണ്.

മക്കളുടെ വിശ്വാസരൂപീകരണത്തിൽ മാതാപിതാക്കളുടെ ദൗത്യത്തെക്കുറിച്ച് അവരെ അവബോധമുള്ളവരാക്കാൻ ഉതകുന്ന *മാതാപിതാക്കളും വിശ്വാസപരിശീലനവും* എന്ന പുസ്തകം സെന്റർ തയ്യാറാക്കിയിട്ടുണ്ട്. ഈപുസ്തകം എല്ലാഭവനങ്ങളിലും എത്തിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. വിശുദ്ധപദവിയിലേക്കുയർത്തപ്പെടുന്ന വാഴ്ത്തപ്പെട്ടവരായ ചാവറയച്ചനെക്കുറിച്ചും ഏവുപ്രസിയാമ്മയെക്കുറിച്ചും പ്രദിപാദിക്കുന്ന സപ്ലിമെന്ററിപുസ്തകം സൺഡെസ്കൂളുകളിലേക്കായി സെന്റർ പ്രസിദ്ധീകരിക്കുന്നുണ്ട്. ആഘോഷങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം സഭാംഗങ്ങൾക്ക് നല്കുന്നതിനായി *സീറോമലബാർ സഭയുടെ ആരാധനാക്രമ വിശ്വാസപരിശീലനം* എന്നപേരിൽ മുതിർന്നവർക്കായി കൂദാശകൾ, യാമപ്രാർത്ഥന, ആരാധനാക്രമ ആദ്ധ്യാത്മികത, ആരാധനാക്രമവത്സരം, കൂദാശാനുകരണങ്ങൾ എന്നിവയെക്കുറിച്ചെല്ലാം പ്രതിപാദിക്കുന്ന ഒരുഗ്രന്ഥവും തയ്യാറായിവരുന്നു.

സഭയുടെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾ കൂടുതൽ ആകർഷകവും ഫലപ്രദവുമാകുന്നതിനുപകരിക്കുന്ന വിധത്തിൽ പാഠ്യപുസ്തകങ്ങളുടെ powerpoint presentation, animation, visulization, videoclips, shortfilms തുടങ്ങിയവ തയ്യാറാക്കാനും സെന്ററിനുസാധിച്ചിട്ടുണ്ട്. syromalabarcatechesis.org എന്ന വെബ്സൈറ്റിലൂടെ വിശ്വാസപരിശീലനത്തെക്കുറിച്ചുള്ള വാർത്തകൾ, ഡോക്യുമെന്റുകൾ, ലേഖനങ്ങൾ, അദ്ധ്യാപനം കൂടുതൽ അകർഷകമാക്കാൻ ഉതകുന്ന അദ്ധ്യാപനസഹായികൾ, ഞായറാഴ്ച പ്രസംഗങ്ങൾ എന്നിവയും നല്കിവരുന്നു. സഭാജീവിതത്തിൽ ഉണ്ടാകാവുന്ന സംശയങ്ങൾക്ക് നിവാരണം വരുത്താൻ ഉതകുന്ന ചോദ്യോത്തര പംക്തിയും വെബ്സൈറ്റിൽ ഒരുക്കിയിരിക്കുന്നു.

പാഠ്യപുസ്തകങ്ങൾ വായിക്കുന്നതിനുള്ള താത്പര്യം കുട്ടികളിൽ കുറഞ്ഞുവരുന്നതിനാൽ പുസ്തകങ്ങൾ ആനിമേഷനിലൂടെയും ചിത്രങ്ങളിലൂടെയും ദൃശ്യശ്രാവ്യവത്ക്കരിച്ചുകൊണ്ടുള്ള വി.സി.ഡി.കൾ സെന്റർ തയ്യാറാക്കികൊണ്ടിരിക്കുന്നു.

ഇത്തരത്തിലുള്ള ഒന്നാംക്ലാസിലെ വി.സി.ഡി.കുട്ടികൾക്ക് ലഭ്യമാക്കിക്കഴിഞ്ഞു. ഫെയ്സ്ബുക്ക്, ബ്ലോഗ് തുടങ്ങിയ സംവിധാനങ്ങളിലുടെ വിശ്വാസപരിശീലനങ്ങൾ കുടുതൽ കാര്യക്ഷമമാക്കുന്നതിനും സെന്റർ ശ്രമമാരംഭിച്ചിട്ടുണ്ട്. ഇങ്ങനെ പരമ്പരാഗതരീതിയിലുള്ള പുസ്തകകേന്ദ്രീകൃതമായ പ്രബോധനങ്ങളിലൂടെയുള്ള വിശ്വാസപരിശീലനത്തിനുപുറമെ ആധുനികമാദ്ധ്യമങ്ങളുടെ സഹായത്തോടെ വിദ്യാർത്ഥി കേന്ദ്രീകൃതമായ പ്രായോഗിക പരിശീലനങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം സഭയുടെ പാരമ്പര്യത്തിലധിഷ്ടിതമായ ആഘോഷങ്ങളിലൂടെയുള്ള(ആരാധനാക്രമാധിഷ്ടിതമായ) വിശ്വാസപരിശീലനവും നല്കുന്നതുവഴി സമഗ്രമായ ഒരു വിശ്വാസജീവിത പരിശീലനമാണ് സീറോമലബാർസഭ ലക്ഷ്യം വയ്ക്കുന്നത്.